## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 459

18.11.2019 - ൽ മറുപടിക്ക്.

# പൊതുവിതരണ സമ്പ്രദായം കാര്യക്ഷമമാക്കുന്നതിന് നടപടി

ചോദ്യം

ശ്രീ.ഡി.കെ. മുരളി
,, പുരുഷൻ കടലുണ്ടി
,, ആന്റണി ജോൺ
,, കെ.യു. ജനീഷ് കുമാർ :

മറുപടി

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് ഭക്ഷ്യഭദ്രതാ നിയമത്തിന്റെ ഫലപ്രദമായ നടത്തിപ്പിനും പൊതുവിതരണ സമ്പ്രദായം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി ഈ സർക്കാർ ആവിഷ്കരിച്ച നൂതന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(എ) ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 ന്റെ പ്രധാന ഘടകമായ ആദ്യന്ത കമ്പ്യൂട്ടർവൽക്കരണം (End to End Computerisation) സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഇതിനോടനുബന്ധിച്ച് സംസ്ഥാനത്ത് ഇന്റർനെറ്റ് കണക്റ്റിവിറ്റി ലഭ്യമല്ലാത്ത കടകൾ ഒഴികെയുള്ള 14272 റേഷൻ കടകളിൽ ഇ-പോസ് മെഷീൻ സ്ഥാപിച്ച് ആധാർ ആതന്റിക്കേഷൻ മുഖേന യഥാർത്ഥ ഗുണഭോക്താവിനെ തിരിച്ചറിഞ്ഞ് റേഷൻ വിതരണം നടത്തി വരുന്നു. പോർട്ടബിലിറ്റി (ഏത് കടയിൽ നിന്നും സാധനങ്ങൾ വാങ്ങാവുന്ന സംവിധാനം) സംസ്ഥാനത്ത് നടപ്പിലാക്കി. ഇലക്ട്രോണിക് ത്രാസ് ഇ-പോസ് മെഷീനുമായി ബന്ധിപ്പിക്കുന്ന നടപടി പുരോഗമിച്ചു വരുന്നു. ഇ-പോസ് മെഷീൻ മുഖേന ബാങ്കിംഗ് സേവനങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. IMPDS (Integrated Management in Public Distribution System)-മായി ബന്ധപ്പെട്ട് 'ഒരു രാജ്യം ഒരു റേഷൻ കാർഡ്' എന്ന ലക്ഷ്യം നാഷണൽ പോർട്ടബിലിറ്റി മുഖേന സാധ്യമാക്കുന്നതിനായി 2019 ഒക്ടോബർ 1-ന് കേരള - കർണാടക ക്ലസ്റ്റർ രീതിയിൽ പൈലറ്റ് പദ്ധതി നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ, GPS enabled vehicle tracking system നടപ്പാക്കുന്നതിലേയ്ക്കായി സപ്ലൈകോ മുഖാന്തിരം EOI (Expression of Interest) ക്ഷണിക്കുകയും ഇതു സംബന്ധിച്ചുള്ള പ്രാരംഭ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 ന്റെ സെക്ഷൻ (28) അനുശാസിക്കുന്ന രീതിയിലുള്ള പ്രവർത്തന അവലോകന നടപടിയായ

സോഷ്യൽ ആഡിറ്റിംഗ് സംസ്ഥാന വ്യാപകമായി നടത്തുന്നതിനുള്ള ഏജൻസിയായി സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. റേഷൻ കടകൾ വഴി കുപ്പിവെള്ളം, ശബരി ഉല്പന്നങ്ങൾ എന്നിവയും ലഭ്യമാക്കി വരുന്നു.

**(ബി)** റേഷൻ കടകൾ നവീകരിക്കുന്നതിന്റെ ഭാഗമായി എല്ലാ റേഷൻകടകൾക്കും ഏകീകൃത നിറവും നെയിം ബോർഡും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

**(ബി)** ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ റേഷൻ കടകൾക്കും കാലികമായ മാറ്റം വരുത്തുന്നതിനും, ഒരു ഏകീകൃത മാതൃക നൽകി റേഷൻകടകളെ കൂടുതൽ പൊതുജന സൗഹൃദമാക്കുന്നതിനുമായി സംസ്ഥാനത്ത് നിലവിൽ സസ്പെന്റ് ചെയ്തിരിക്കുന്നതും, മറ്റ് കടകളുമായി കൂട്ടിച്ചേർത്ത് പ്രവർത്തിക്കുന്നതുമായ കടകളുമൊഴികെയുള്ള എല്ലാ റേഷൻകടകളും നവീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി റേഷൻകടകൾക്ക് ഒരു ഏകീകൃത മാതൃക തയ്യാറാക്കുകയും ആയത് നടപ്പിൽ വരുത്തുന്നതിന് ഒരു റേഷൻകടയ്ക്ക് 2,500/- രൂപ വീതം സാമ്പത്തിക സഹായം നൽകുന്നതിനായി 3,50,00,000/- രൂപ (മൂന്ന് കോടി അൻപത് ലക്ഷം രൂപ മാത്രം) അനുവദിച്ചു. അംഗീകാരം റദ്ദ് ചെയ്യപ്പെട്ടതും ലൈസൻസി മരണപ്പെട്ട് പുനർ നിയമനം നടത്താത്തതും റേഷൻ വ്യാപാരം തുടർന്നും നടത്തുവാൻ താൽപ്പര്യം ഇല്ല എന്ന് അറിയിച്ചിട്ടുള്ളതുമായ റേഷൻ കടകൾ ഒഴികെയുള്ള 13029 റേഷൻകടകൾ, ഒരു റേഷൻ കടയ്ക്ക് 2500/- രൂപ നിരക്കിൽ 3,25,72,500/- രൂപ (മൂന്ന് കോടി ഇരുപത്തഞ്ച് ലക്ഷത്തി എഴുപത്തിരണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) ചെലവഴിച്ച് നവീകരിച്ചിട്ടുണ്ട്.

**(സി)** ക്രമക്കേടുകൾ തടയുന്നതിനായി റേഷൻ കടകളിൽ എന്തെല്ലാം പരിശോധനകളാണ് നടത്തി വരുന്നത്;

**(സി)** റേഷനിംഗ് ഇൻസ്പെക്ടർമാർ സിവിൽ സപ്ലൈസ് മാന്വൽ അനുസരിച്ച് അവരവരുടെ ഫർക്കയിലെ എല്ലാ എ.ആർ.ഡി.കളും മാസത്തിൽ ഒരു തവണ കർശനമായി പരിശോധിക്കുകയും ആയത് താലൂക്ക് സപ്ലൈ ആഫീസർമാർ സൂപ്പർ ചെക്ക് ചെയ്യുകയും ചെയ്തു വരുന്നു. റേഷനിംഗ് ഇൻസ്പെക്ടർമാർ പ്രതിവാരം 10 റേഷൻ കാർഡുകളെങ്കിലും പരിശോധിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടോയെന്നും എ.ആർ.ഡി. കളിൽ റേഷൻ സാധനങ്ങളുടെ സ്റ്റോക്ക് ഉറപ്പ് വരുത്തുന്നതിനും റേഷൻ വ്യാപാരികൾ കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും

റേഷൻ കടകളിൽ വിലവിവര പട്ടിക, വിതരണതോത്, ഭക്ഷ്യധാന്യങ്ങളുടെ സാമ്പിൾ പായ്ക്കറ്റ് എന്നിവ ഉപഭോക്താക്കൾ കാണത്തക്ക രീതിയിൽ പ്രദർശിപ്പിച്ചിട്ടുണ്ടോയെന്നും ആയത് പ്രകാരം തന്നെയാണോ വിതരണം ചെയ്യുന്നതെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. താലൂക്ക് സപ്ലൈ ഓഫീസർമാർ/സിറ്റി റേഷനിംഗ് ആഫീസർമാർ 3 മാസത്തിലൊരിക്കൽ അവരുടെ അധികാര പരിധിയിലുള്ള എല്ലാ എ.ആർ.ഡി.കളും പരിശോധിക്കുന്നതിനും, റേഷനിംഗ് ഇൻസ്പെക്ടർമാർ നടത്തിയ 50% പരിശോധനകളിൽ സൂപ്പർ ചെക്ക് നടത്തുന്നതിനും, ജില്ലാ സപ്ലൈ ഓഫീസർമാർ ജില്ലയിലെ മുഴുവൻ ഫർക്കകളിലേയും കുറഞ്ഞ 2 റേഷൻ കട എന്ന നിലയ്ക്ക് എല്ലാ ഫർക്കയിലും പ്രതിമാസ പരിശോധന നടത്തുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. മേഖലാ ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർ ജില്ലകളിലെ പരിശോധനകൾ യഥാവിധി നിരീക്ഷിക്കുന്നുണ്ട്. ഇപ്രകാരം പരിശോധന ഉദ്യോഗസ്ഥർ നിരന്തരം പരിശോധന നടത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ 1966-ലെ കെ.ആർ.ഒ പ്രകാരം ശക്തമായ നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു. സർക്കാർ തലത്തിലും പരിശോധന നടത്തുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്.

| | |
|---|---|
| (ഡി) റേഷൻകടകളിൽ സ്റ്റോക്കുള്ള ഭക്ഷ്യ ധാന്യങ്ങളുടെ വിവരം കൃത്യമായി രേഖപ്പെടുത്തുന്നതിന് എന്തെല്ലാം നിർദ്ദേശമാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ഡി) റേഷൻ വ്യാപാരികൾ നിലവിൽ എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ വിട്ടെടുക്കുമ്പോൾ തന്നെ ഇ-പോസ് മെഷീനിൽ സ്റ്റോക്ക് രേഖപ്പെടുത്തുന്നതാണ്. റേഷൻ കടകളിലെ ഭക്ഷ്യധാന്യങ്ങളുടെ സ്റ്റോക്ക് വിവരം സിവിൽ സപ്ലൈസ് വകുപ്പിന്റെ epos.kerala.gov.in എന്ന പോർട്ടലിൽ തത്സമയം ലഭ്യമാണ്. |

**സെക്ഷൻ ഓഫീസർ**